**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4017** **17-03-2025 - ൽ മറുപടിയ്ക്ക്**

**'സഖി' വൺ സ്റ്റോപ്പ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | വനിതാ ശിശുക്ഷേമ വകുപ്പിന് കീഴിലുള്ള 'സഖി' വൺ സ്റ്റോപ്പ് സംവിധാനത്തിലൂടെ ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ? | (എ) | **മിഷൻ ശക്തി മാനദണ്ഡങ്ങൾക്കനുസൃതമായി 100% കേന്ദ്രാവിഷ്കൃത പദ്ധതിയായി 24 മണിക്കൂറും പ്രവർത്തിക്കുന്ന വൺസ്റ്റോപ്പ് സെന്ററിൽ (ഒ.എസ്.സി) സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ നടന്നുവരുന്ന അതിക്രമങ്ങൾ തടയുന്നതിന് അതിജീവിതർക്ക് വിവിധ സേവനങ്ങൾ ഒരു കുടക്കീഴിൽ നൽകിവരുന്നു.**<br><br>**<u>സേവനങ്ങൾ</u>**<br><br>**അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്കും പെൺകുട്ടികൾക്കും വൈദ്യസഹായം, നിയമസഹായം, താത്ക്കാലിക അഭയം, പോലീസ് സേവനം, സൈക്കോളജിക്കൽ കൗൺസിലിംഗ് എന്നീ സേവനങ്ങൾ ഒ.എസ്. സി. മുഖാന്തിരം നൽകുന്നു.**<br><br>**<u>വൈദ്യസഹായം</u>**<br><br>**അതിക്രമത്തിനിരയായ സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമെങ്കിൽ ഏറ്റവും അടുത്തുള്ള ആരോഗ്യകേന്ദ്രത്തിൽ നിന്നും വൈദ്യസഹായം നിലവിലുള്ള മെഡിക്കൽ പ്രോട്ടോക്കോൾ പ്രകാരം നൽകുകയും അതിജീവിതയുടെ സ്വകാര്യതയും സുരക്ഷിതത്വവും ഉറപ്പുവരുത്തി തുടർ ചികിത്സാസഹായവും ലഭ്യമാക്കുന്നു.**<br><br>**<u>നിയമസഹായവും കൗൺസിലിംഗും</u>**<br><br>**മാനസിക വിഷമതകൾക്കും പീഡനമോ മറ്റേതെങ്കിലും തരത്തിലുള്ള ചൂഷണത്തിനും വിധേയമായ സ്ത്രീകൾക്കും കുട്ടികൾക്കും DLSA (ജില്ലാ നിയമ സേവന വേദി) യുടെ എംപാനൽഡ് അഭിഭാഷകർ വഴി നിയമസഹായവും കൗൺസിലിംഗും ഉറപ്പുവരുത്തുന്നു.**<br><br>**<u>താത്ക്കാലിക അഭയം</u>** |

അതിക്രമത്തിനിരയായ സ്ത്രീകൾക്ക് പരമാവധി 5 ദിവസം വരെ താത്ക്കാലിക താമസം നൽകി വരുന്നു. ദീർഘകാല അഭയം ആവശ്യം വരുന്ന സാഹചര്യത്തിൽ ശക്തിസദനമായി സഹകരിച്ച് ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നു. അതിജീവിതയുടെ ആവശ്യവും സാഹചര്യവും വിലയിരുത്തി വൺ സ്റ്റോപ്പ് സെന്ററിൽ തന്നെ 10 ദിവസത്തേക്ക് കൂടി താൽക്കാലിക അഭയം നീട്ടി നൽകുകയും വീണ്ടും കൂടുതൽ ദിവസം ആവശ്യമെന്ന് കണ്ടാൽ ജില്ലാ അധികാരികൾ ബോധ്യപ്പെട്ടതിനുശേഷം അതിജീവിതയ്ക്ക് വീണ്ടും 10 ദിവസത്തേക്ക് കൂടി താൽക്കാലിക അഭയം നീട്ടി നൽകിവരുന്നു. ഒ.എസ്.സി. മുഖാന്തിരം അഭയം തേടുന്ന സ്ത്രീകൾക്കും കുട്ടികൾക്കും ഭക്ഷണം, മരുന്ന്, വസ്ത്രങ്ങൾ, വെൽകം കിറ്റുകളും നൽകുന്നു.

**<u>പോലീസ് സേവനം</u>**

അതിക്രമത്തിന് വിധേയരായി വൺസ്റ്റോപ്പ് സെന്ററിലെത്തുന്ന സ്ത്രീകളെയും കുട്ടികളെയും നിയമസംവിധാനവുമായി ബന്ധിപ്പിക്കുന്നതിന് പോലീസ് വകുപ്പുമായി സഹകരിച്ച് പോലീസ് ഫെസിലിറ്റേഷൻ ഓഫീസർമാരുടെ സേവനം ലഭ്യമാക്കുന്നു.

**<u>സൈക്കോളജിക്കൽ കൗൺസിലിംഗ്</u>**

പരിശീലനം ലഭിച്ച സൈക്കോ സോഷ്യൽ കൗൺസിലർ ഫോൺ മുഖാന്തിരവും നേരിട്ടും സ്ത്രീകളുടെ ആത്മവിശ്വാസത്തെ വർദ്ധിപ്പിക്കുന്നതിനും പ്രതികൂല സാഹചര്യത്തെ അതിജീവിക്കുവാനും ആത്മധൈര്യവും ലഭ്യമാകുന്നതിനും ഉതകുന്ന രീതിയിൽ സേവനങ്ങൾ ലഭ്യമാക്കുന്നു. കൂടാതെ കുട്ടികൾക്ക് ശിശുസൗഹാർദപരമായ കൗൺസിലിംഗ് നൽകിവരുന്നു.

**<u>സ്വകാര്യത സൂക്ഷിക്കൽ</u>**

അതിജീവിതയായ കുട്ടി/സ്ത്രീ എന്നിവരുടെ ഫോട്ടോ, പേര്, വിലാസം, കുടുംബവിവരങ്ങൾ, വിദ്യാർത്ഥിയാണെങ്കിൽ പഠിക്കുന്ന സ്കൂൾ, കോളേജ് തുടങ്ങിയ തിരിച്ചറിയത്തക്കതായ വിവരങ്ങൾ യാതൊരു കാരണവശാലും പൊതുജനങ്ങൾക്കോ മറ്റ് മാധ്യമങ്ങൾക്കോ ലഭ്യമാകാത്ത രീതിയിൽ സ്വകാര്യത സൂക്ഷിച്ചുകൊണ്ട് സേവനങ്ങൾ നൽകിവരുന്നു.

**<u>വീഡിയോ കോൺഫറൻസിംഗ് സൗകര്യം</u>**

| | | | |
|---|---|---|---|
| | | | **കോടതിയുടെയും പോലീസിന്റെയും നടപടിക്രമങ്ങൾ നിയമപ്രകാരവും വേഗത്തിലും തടസ്സം കൂടാതെ നടക്കുന്നതിന് വീഡിയോ കോൺഫറൻസിംഗ്, CCTV സംവിധാനം അതിജീവിതകൾക്കായി പ്രയോജനപ്പെടുത്തുന്നു** |

സെക്ഷൻ ഓഫീസർ